# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. LI - JK 18 | 2018 June 28 | No. 6


### സർക്കുലർ - 18

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

2018 ജൂലൈ 8-ാം തീയതിയാണ് ഈ യുവജനവർഷത്തിൽ കേരളസഭ യുവജനദിനം ആചരിക്കുന്നത്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ഈ വർഷം ഒക്ടോബർ മാസത്തിൽ റോമിൽവച്ച് യുവജന സിനഡ് ആഘോഷിക്കുന്ന പശ്ചാത്തലത്തിൽ നമ്മുടെ യുവജനദിനാചരണ ത്തിന് ഏറെ പ്രാധാന്യം ഉണ്ട്. യുവജനശുശ്രൂഷ സഭയുടെ സുപ്രധാനമായ ഒരു അജപാലന മേഖലയാണ് എന്ന തിനാലാണ് ഫ്രാൻസിസ് പാപ്പാ ഈ സുപ്രധാന യുവജന സിനഡിന് ആഹ്വാനം നല്കിയിട്ടു ള്ളത്. എല്ലാ യുവജനങ്ങൾക്കും യുവജന ശു ശ്രൂഷകർക്കും യുവജനദിനത്തിന്റെ ആശംസകൾ നേരുന്നു.

നമ്മുടെ അതിരൂപതയിൽ പ്രവർത്തിക്കുന്ന യൂത്ത് കമ്മീഷ ന്റെയും, കെ.സി.വൈ.എം., ജീസസ്സ് യൂത്ത്, സി.എൽ.സി. തുടങ്ങിയ യുവജന സംഘടനകളുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന പ്രവർത്തനങ്ങളോട് നിങ്ങൾ കാണിക്കുന്ന തുറന്ന സഹകരണത്തിനും സഹായത്തിനും പ്രത്യേകം എല്ലാവരെയും അഭിനന്ദിക്കുന്നു. യുവജനവർഷത്തിലെ എല്ലാ പ്രവർത്തനങ്ങൾക്കും സാധ്യമായ എല്ലാ

സഹായങ്ങളും നമ്മുടെ യുവജനങ്ങൾക്കു നല്കണമെന്ന് സ്നേഹ പൂർവ്വം ഞാൻ  നിങ്ങളെ അനുസ്മരിപ്പിക്കുന്നു.

മഹത്തായ ആദർശങ്ങൾ തങ്ങളുടെ ജീവിതത്തിൽ അനുവർത്തിക്കുന്നവരായിരിക്കണം യുവജനങ്ങളെന്ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നമ്മെ ഉത്ബോധിപ്പിക്കുന്നുണ്ട്. കർമ്മധീരരായ യുവജനങ്ങൾ മാതൃകാപരമായ സേവനശുശ്രൂഷകളിലൂടെ സഭയുടെ പ്രേഷിതദൗത്യം ജനഹൃദയങ്ങളിൽ എത്തിക്കാൻ ബാധ്യസ്ഥരാണ് എന്നുള്ള കാര്യം നിങ്ങളെ ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുന്നു. യുവാവ് എന്ന നിലയിൽ യേശു നല്കിയ മാതൃക നിങ്ങളെ എന്നും വഴിനടത്തട്ടെ എന്നു പ്രാർത്ഥിക്കുന്നു.

യുവജനദിനത്തോടനുബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ ചുവടെ ചേർക്കുന്നു. ഈ സർക്കുലറിന്റെ ഉള്ളടക്കം **2018 ജൂലൈ 8-ാം തീയതി ഞായറാഴ്ച** ദിവ്യബലിമദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്. യുവജനദിനത്തിലെ പ്രത്യേക പിരിവ് താമസിയാതെ അതിരൂപതാകച്ചേരിയിൽ ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന് 2018 ജൂൺ 28-ാം തീയതി,

✠ *ജോസഫ് കളത്തിപ്പറമ്പിൽ*
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത



## സർക്കുലർ - 18

## യുവജനദിനം 2018 – ജൂലൈ 8, ഞായർ

### കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കേരള കത്തോലിക്കാ മെത്രാൻ സമിതി 2018 ജനുവരി 6 മുതൽ 2019 ജനുവരി 6 വരെ യുവജനവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ! യുവജന വർഷാചരണവുമായി ബന്ധപ്പെട്ട് നിരവധി കർമ്മപരിപാടികൾ മൂന്ന് വ്യക്തിഗത സഭയിലും, കെ.സി.ബി.സി. യുവജന കമ്മീഷന്റെ നേതൃത്വത്തിലും കെ.സി.വൈ.എം.ന്റെ നേതൃത്വത്തിലും നടത്തി വരുകയാണ്. 2018 ഒക്ടോബർ മാസം റോമിൽ വച്ച് നടത്തപ്പെടുന്ന യുവജന സിനഡിന്റെ പശ്ചാത്തലത്തിലാണ് കേരളസഭ യുവജനവർഷം പ്രഖ്യാപിച്ചത്. റോമിലെ യുവജന സിനഡിൽ മെത്രാന്മാർ ചർച്ച ചെയ്യുന്നത് യുവജനം, വിശ്വാസം, വിളി സംബന്ധമായ വിവേചിച്ചറിയൽ എന്നീ വിഷയങ്ങളാണെന്ന് നമുക്കറിയാമല്ലോ! ആഗോള കത്തോലിക്കാസഭ യുവത്വത്തിന്റെ പ്രത്യേകതകളെ ഗൗരവമായി സിനഡിലൂടെ പഠനത്തിന് വിധേയമാക്കുമ്പോൾ കേരളസഭയ്ക്ക് യുവജനങ്ങളെപ്പറ്റി ആഴമായി പഠിക്കുവാനും അവർക്കുവേണ്ടി പ്രാർഥിക്കാനും അവരെ കേൾക്കാനും അംഗീകരിക്കാനും അവരുടെ സർഗ്ഗശക്തിയെ വിശ്വാസത്തിന്റെയും നന്മയുടെയും ദിശയിലേക്ക് നയിക്കാനും സാധിക്കണം.

യുവജനങ്ങൾക്ക് സഭയിലും സമൂഹത്തിലുമുള്ള സുപ്രധാനമായ സ്ഥാനം അംഗീകരിച്ചുകൊണ്ടാണ്  പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സിനഡിൽ  യുവത്വം  ചർച്ചാവിഷയം ആക്കുന്നത്. മാർപാപ്പായുടെ പ്രബോധനങ്ങൾ ഉൾക്കൊണ്ട്, സഭയുടെ വിവിധ തലങ്ങളിൽ, യുവജനങ്ങളുടെ പ്രശ്നങ്ങളെ മനസ്സിലാക്കാനും, അവർ നല്ല തീരുമാനങ്ങൾ എടുത്ത് സ്വയം വളരുവാനും, സഭയെ പണിതുയർത്തുവാനും പ്രാപ്തരാക്കുന്നതിന് അവരെ സഹായിക്കുകയും വേണം. ഭാരതത്തിലെ 130 കോടി ജനങ്ങളിൽ 60 ശതമാനത്തിലധികം യുവജനങ്ങളാണ്. അതായത് ഏതാണ്ട് 80 കോടിയോളം വരുന്ന യുവജനങ്ങൾ. കേരളസഭയിലും 50 ശതമാനത്തിലധികം യുവജനങ്ങളാണ്, നാളത്തെ സഭയും, സമൂഹവും, രാഷ്ട്രവും അവരെ

ആശ്രയിച്ചിരിക്കുന്നു. യുവജനങ്ങളെ നാം കാര്യമായി കരുതുകയും അവർ നന്മയുടെ പക്ഷത്തുണ്ടെന്ന് ഉറപ്പാക്കുകയും അവരുടെ സമഗ്രമായ വികസനം നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട വിഷയമാക്കുകയും ചെയ്യേണ്ടതാണ്. ആഗോളസഭ യുവജന സിനഡും കേരളസഭ യുവജന വർഷവും ആചരിക്കുമ്പോൾ സഭയിൽ യുവജനപങ്കാളിത്തം ആനുപാതികമായി എല്ലാ പ്രവർത്തനമേഖലയിലും ഉറപ്പാക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും വേണം. കേരളസഭയിൽ കെ.സി.വൈ.എം., എസ്.എം.വൈ.എം., എൽ.സി.വൈ.എം., എം.സി.വൈ.എം. എന്നിവ ഉൾപ്പെടെ പത്ത് യുവജന സംഘടനകൾ പ്രവർത്തിക്കുന്നു. ഇവയിൽ എല്ലാം കൂടി നമ്മുടെ യുവജനങ്ങളിൽ പത്തോ, പതിനഞ്ചോ ശതമാനമേ അംഗങ്ങളായുള്ളു. അതായത് സഭയിലെ ഭൂരിഭാഗം യുവജനങ്ങളും യുവജന സംഘടനയിൽ പങ്കാളികളല്ല. മുതിർന്ന അല്മായരോടൊപ്പം സ്ത്രീകൾക്കും യുവജനങ്ങൾക്കും സഭയിൽ മതിയായ പ്രാതിനിധ്യം ഉറപ്പാക്കി അവരെ കൂടുതൽ സഭയോടു ചേർത്ത് നിർത്താൻ പരിശ്രമിക്കേണ്ടതാണ്.

ഇന്നത്തെ യുവജനം മുൻതലമുറയേക്കാൾ അറിവുള്ളവരാണ്. ആധുനിക ടെക്നോളജിയെ ആശ്രയിക്കുന്ന യുവത്വത്തിലേക്ക് അറിവിന്റെ വാതിലുകൾ തുറന്നിട്ടിരിക്കുന്നു. അവർ സഭയുടെയും രാഷ്ട്രത്തിന്റെയും ശക്തി സ്രോതസ്സാണ്, ഭാവി പ്രതീക്ഷയാണ്. അവർ കൂടുതൽ ആന്തരിക സ്വാതന്ത്ര്യം (*Inner Freedom*) അനുഭവിക്കുന്നു. അവരുടെ പുതിയ അറിവിനെയും, ആന്തരിക സ്വാതന്ത്ര്യത്തെയും ആദരിച്ചുകൊണ്ടുള്ള തീരുമാനങ്ങളും പ്രവർത്തനങ്ങളും യുവജന ശുശ്രൂഷകളെ കൂടുതൽ ഫലവത്താക്കും. അല്ലെങ്കിൽ അവരിൽ അനന്യതാ സംഘർഷം (*Identity Crisis*) വർദ്ധിക്കും. വിരൽതുമ്പിൽ ലോകസംസ്കാരത്തിന്റെ അറിവുമായി മുന്നേറുന്ന യുവത്വത്തെ നാം കാര്യമായി പരിഗണിക്കുകയും അവരെ വിശ്വാസത്തിൽ എടുക്കുകയും വേണം. യുവശക്തി യേശുവിന്റെ മാതൃകയിൽ കരുത്താർജ്ജിച്ചാൽ സഭയ്ക്കും സമൂഹത്തിനും വലിയ വികാസമുണ്ടാകും. ഗോതമ്പുമണി നിലത്തുവീണഴിഞ്ഞ് ഫലം പുറപ്പെടുവിയ്ക്കുന്നതുപോലെ, യുവജനങ്ങളുടെ എല്ലാ കർമ്മശേഷിയും സഭയുടെ വേദികളിലൂടെ ആവിഷ്കരിക്കാൻ അവസരം ലഭിച്ചാൽ, സഭ അതിവേഗം വളരും.



ഇന്നത്തെ യുവജനം ദുഃഖത്തിനും ഏകാന്തതയ്ക്കും പാത്രീഭൂതരാണ്. അതിനുകാരണം അവരുടെ വിശ്വാസത്തകർച്ച, മൂല്യത്തകർച്ച, കുടുംബത്തകർച്ച എന്നിവയൊക്കെയാണ്. സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റം, ആളുകളുടെ ജീവിതരീതിയിലും മനോഭാവത്തിലുമുള്ള മാറ്റം, സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലുള്ള മാറ്റം, സാമ്പത്തിക ഇടപെടലുകളിലുള്ള മാറ്റം, മീഡിയായുടെ ഉപയോഗത്തിലുള്ള മാറ്റം, സഭയുടെ സമീപനങ്ങളിലുള്ള മാറ്റം എന്നിവയെല്ലാം യുവതയ്ക്ക് വെല്ലുവിളികൾ ഉയർത്തുന്നു. ഇവ പരിഹരിക്കുവാൻ യുവജനങ്ങളെ നാം ശക്തമാക്കുന്നത് യേശുവിനെ കൂടുതൽ അടുത്തറിയുവാൻ അവസരങ്ങൾ ലഭ്യമാകുന്നതിലൂടെയാണ്. യേശുവിന്റെ പ്രബോധനത്തിന്റെ ഉള്ളടക്കം സ്നേഹവും കരുണയുമാണ്. സ്നേഹവും കരുണയും പങ്കുവയ്ക്കുന്ന സന്ദർഭങ്ങളിലൂടെയാണ് നാം സുവിശേഷത്തിന്റെ നല്ല സാക്ഷികളാകുന്നത്. ഈ സന്ദർഭങ്ങൾ ദൈവത്തിലേക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്രയാണ്. ആധുനിക സമൂഹം വാഗ്ദാനം ചെയ്യുന്ന പ്രലോഭനങ്ങളെ അതിജീവിച്ചുകൊണ്ട് ക്രിസ്തുവിന്റെ പോരാളിയാകാൻ യുവത്വത്തെ സജ്ജമാക്കുന്ന പ്രക്രിയയാണ് കാരുണ്യപ്രവർത്തികൾ. യുവജനവർഷം കാരുണ്യപ്രവർത്തികൾ കൂടുതൽ ചെയ്യുവാൻ നമുക്ക് കഴിയണം. യേശുവിന്റെ കാരുണ്യം നാം പ്രാവർത്തികമാക്കുമ്പോൾ ദുഃഖത്തിനും, ഏകാന്തതയ്ക്കും പരിഹാരമാകുന്നു. മൂല്യത്തകർച്ചകളെ അതിജീവിച്ച്, വിശുദ്ധിയിലേക്കും, കൗദാശിക നന്മയിലേക്കും, ദൈവാനു ഭവത്തിലേക്കും ഒക്കെ വളരുവാൻ യുവജനങ്ങൾ സജ്ജരാകുന്ന യുവജന ശുശ്രൂഷയിൽ സ്നേഹത്തിന്റെയും, കരുണയുടെയും വിശുദ്ധീകരണത്തിന്റെയും, ദൈവാനുഭവത്തിന്റെയും പ്രാർത്ഥനയും അനുഭവങ്ങൾ ഉൾചേർന്നിട്ടുണ്ട്.

യുവജനവർഷപരിപാടികൾ വ്യക്തമായ കാഴ്ചപ്പാടുകളോടുകൂടിയാണ് യുവജന കമ്മീഷൻ ആവിഷ്കരിച്ചിരിക്കുന്നത്. മൂന്ന് വ്യക്തിഗത സഭകളിലും യുവജനവർഷ കർമ്മപരിപാടികൾ വിപുലമായ രീതിയിൽ നടത്തപ്പെടുന്നുണ്ട്. യൂത്ത് കമ്മീഷന്റെ നേതൃത്വത്തിൽ ഏഴ് തലങ്ങളിലാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. (1) ബോധവത്ക്കരണം (2) പഠനം (3) ആത്മീയ നവീകരണം (4) പ്രായോഗിക കർമ്മപരിപാടികൾ (5) യുവജന സംഗമം (6) പരിശീലന പരിപാടികൾ

(7) ഓപ്പൺഫോറം, കൂടാതെ സുവിശേഷാനുഭവ പഠന ക്യാമ്പുകൾ, റിസോഴ്സ് ടീം ട്രെയിനിംഗ്, നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ, നവോത്ഥാന യാത്രകൾ, വിശ്വാസസാഹോദര്യ സമ്മേളനങ്ങൾ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. നമ്മുടെ യുവജനങ്ങളുടെ നവീകരണം ലക്ഷ്യമാക്കി ധ്യാനങ്ങളും ദിവ്യകാരുണ്യ ആരാധനകളും, ദൈവശാസ്ത്രവിചിന്തനങ്ങളും നടത്തപ്പെടുന്നു. കേരളത്തിന്റെ കാർഷിക സംസ്കാരത്തെയും, പ്രകൃതി സംരക്ഷണത്തെയും മുന്നിൽകണ്ട് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്ന പദ്ധതി, പ്രകൃതി പഠനക്യാമ്പ്, സംരംഭകത്വപരിശീലനം, കാമ്പസ് മിനിസ്ട്രി എന്നിവ ഇതിനോടകം സംഘടിപ്പിക്കപ്പെട്ടു. യുവജന സംഗമങ്ങൾ, വിവിധ പരിശീലന പരിപാടികൾ, മലബാർ യുവജന സമ്മേളനം എന്നിവയെല്ലാം ക്രമീകരിച്ചുകൊണ്ടിരിക്കുകയാണ്. യുവജനങ്ങളെ അറിയുക, മനസ്സിലാക്കുക, കേൾക്കുക എന്നിവ ലക്ഷ്യം വെച്ച് ഓപ്പൺ ഫോറം, കൂടാതെ ഇന്റർ റിലീജിയസ് ഡയലോഗ്, ഗ്രാമനവോത്ഥാന യജ്ഞം, സർവ്വമതസമ്മേളനങ്ങൾ, ദളിത് ക്രൈസ്തവ അവകാശ സമരങ്ങൾ, മത്സ്യത്തൊഴിലാളി വിമോചനസമരങ്ങൾ, മദ്യ-ലഹരി വിരുദ്ധ സമരങ്ങൾ, പ്രതിഭാസംഗമം, സ്ത്രീശാക്തീകരണ മുന്നേറ്റങ്ങൾ, യുവജനവർഷ സ്മരണിക, യൂത്ത് പോളിസി, തീരരക്ഷായാത്ര എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. അങ്ങനെ യുവജനവർഷം വെറും ഒരു ആചരണമാക്കി മാറ്റാതെ വ്യക്തമായ ദിശാബോധത്തോടെ വിവിധ കർമ്മപരിപാടികൾ യൂത്ത് കമ്മീഷന്റെ നേതൃത്വത്തിൽ നടപ്പാക്കി വരുന്നു. കെ. സി. വൈ. എം., മിജാർക്ക്, യൂക്കരിസ്റ്റിക് യൂത്ത് മൂവ്മെന്റ്, ഐക്കഫ്, ജീസസ്സ് യൂത്ത് തുടങ്ങി കേരള കത്തോലിക്കാസഭയിൽ പ്രവർത്തിക്കുന്ന എല്ലാ യുവജന സംഘടനകളും യുവജനവർഷ കർമ്മ പരിപാടികൾ ഏറ്റവും ഫലപ്രദമായ രീതിയിൽ നടത്തുവാൻ ത്യാഗ പൂർവ്വം ശ്രദ്ധിക്കുന്നു.

ദൃശ്യമാധ്യമങ്ങളുടെയും, സാമൂഹിക മാധ്യമങ്ങളുടെയും തെറ്റായ സ്വാധീനം യുവജനങ്ങളിൽ നിന്ന് അകറ്റാൻ യൂത്ത് കമ്മീഷൻ മാധ്യമ ശിൽപ്പശാല, മാധ്യമങ്ങളെ ക്രിയാത്മകമായി ഉപയോഗിക്കാനുള്ള പരിശീലനം, ഇ-പ്രയർ, ഇ-കാറ്റകിസം, ഇ-യൂത്ത് എൻകൗണ്ടർ എന്നിവ സംഘടിപ്പിച്ച് ബോധവത്ക്കരണം നൽകുന്നു.



കേരള കത്തോലിക്കാസഭയിലെ മൂന്ന് വ്യക്തിഗത സഭകളിലെ യുവജനങ്ങൾക്കായി സ്ഥാപിച്ചിരിക്കുന്ന ഔദ്യോഗിക യുവജന പ്രസ്ഥാനമായ കെ. സി. വൈ. എം. എല്ലാ യുവജന സംഘടനകളോടും കൈകോർത്ത് യുവജനവർഷത്തെ ഏറ്റവും ഫലപ്രദമാക്കുവാൻ പരിശ്രമിക്കുന്നു. യുവജനവർഷ പ്രവർത്തനങ്ങൾ ആനുകാലിക സമൂഹത്തിലും സഭയിലും വലിയ ശക്തി പകരുമെന്ന് പ്രത്യാശിക്കുന്നു. നമ്മുടെ യുവജനസഭയേയും, അതിന്റെ കർമ്മപരിപാടികളെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒക്ടോബറിൽ റോമിൽ വച്ചു നടക്കുന്ന യുവജനസിനഡ്, കേരള സഭയിലെ യുവജന വർഷാചരണം, നമ്മുടെ എല്ലാ യുവജനസംഘടനകളുടെയും പ്രവർത്തനം എന്നിവ വഴി സഭയിൽ യുവജനങ്ങളുടെ ആത്മീയ നവോത്ഥാനവും പ്രേഷിതമുന്നേറ്റവും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കാം.

ഏവർക്കും യുവജനവർഷ ആശംസകൾ.

**ഡോ. ജോസഫ് മാർ തോമസ്**
(ചെയർമാൻ, കെ.സി.ബി.സി. യുവജന കമ്മീഷൻ)

**ഡോ. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജന കമ്മീഷൻ)

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജന കമ്മീഷൻ)

## സർക്കുലർ – 19

# PLENARY INDULGENCE AT VALLARPADOM BASILICA ON THE OCCASION OF THE JUBILEE YEAR OF THE TITLE OF OUR LADY OF MERCY

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

'കാരുണ്യനാഥ' അഥവാ 'വിമോചകനാഥ' എന്ന ശീർഷകം സഭയിൽ സംജാതമായത് വി. പീറ്റർ നൊളാസ്ക്കോ 1218 ആഗസ്റ്റ് 10-ാം തീയതി കാരുണ്യനാഥയുടെ സന്ന്യാസസഭ (മേഴ്സിഡാരിയൻ സന്ന്യാസസസഭ) സ്ഥാപിച്ചതോടെയാണ്. വിശ്വാസ ത്യാഗം ചെയ്തുപോകുമായിരുന്ന ക്രിസ്ത്യാനികളായ അടിമകളുടെ വീണ്ടെടുപ്പിനുവേണ്ടി സ്ഥാപിതമായ മേഴ്സിഡാരിയൻ സന്ന്യാസസഭയുടെ 800-ാം വാർഷികം കാരുണ്യനാഥയുടെ ശീർഷക ജൂബിലി വർഷമായി ആചരിക്കപ്പെടുകയാണ്. ജൂബിലിയോടനുബന്ധിച്ച് മേഴ്സിഡാരിയൻ സന്ന്യാസ സമൂഹത്തിന്റെ സാന്നിദ്ധ്യമുള്ള രാജ്യങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട ദേവാലയങ്ങൾ 2018 വർഷത്തിൽ പൂർണ്ണദണ്ഡവിമോചനം ലഭിക്കുന്ന കരുണയുടെ ദേവാലയങ്ങളായി പ്രഖ്യാപിക്കാൻ പരിശുദ്ധ പിതാവ് പാപ്പാ അപ്പോസ്തലിക്ക് പെനിറ്റൻഷ്യറിയുടെ കല്പനവഴി പ്രത്യേക അനുവാദം നൽകിയിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഇന്ത്യയിൽ സാന്നിദ്ധ്യമുള്ള മേഴ്സിഡാരിയൻ സന്ന്യാസസഭ വിമോചകനാഥയുടെ ദേശീയ തീർത്ഥാടനകേന്ദ്രമായ വല്ലാർപാടം ബസിലിക്കയാണ് ഇന്ത്യയിൽ പൂർണ്ണദണ്ഡവിമോചനം ലഭിക്കുന്ന കാരുണ്യനാഥയുടെ ദേവാലയമായി തിരഞ്ഞെടുത്തിരിക്കുന്നത്.

2018 ആഗസ്റ്റ് 5-ാം തീയതി ഞായറാഴ്ച വൈകിട്ട് 5.30 ന് വല്ലാർപാടം ബസിലിക്കാദേവാലയത്തിൽവച്ച് എന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലി മധ്യേ വല്ലാർപാടം ബസിലിക്ക ഈ പ്രത്യേക ജൂബിലി വർഷത്തിൽ പൂർണ്ണദണ്ഡവിമോചനം ലഭിക്കുന്ന കാരുണ്യനാഥയുടെ ദേവാലയമായി പ്രഖ്യാപിക്കപ്പെടും. ദിവ്യബലിയിൽ കൊച്ചി രൂപതാ മെത്രാൻ അഭിവന്ദ്യ ജോസഫ് കരിയിൽ പിതാവ് വചനസന്ദേശം നൽകും. അനുഗ്രഹീതമായ ഈ



ദിവ്യബലിയിൽ സാധിക്കുന്ന എല്ലാ വൈദികരും, സന്യസ്തരും വിശ്വാസികളും സംബന്ധിക്കണമെന്ന് സ്നേഹപൂർവ്വം ഞാൻ ഓർമ്മിപ്പിക്കുന്നു. ഈ പ്രത്യേക ജൂബിലി വർഷത്തിൽ പരിശുദ്ധ വല്ലാർപാടത്തമ്മയുടെ - വിമോചകനാഥയുടെ - ദേവാലയം സന്ദർശിച്ച് പ്രാർത്ഥിക്കുന്നതിനും കുമ്പസാരിച്ച് ദിവ്യകാരുണ്യം സ്വീകരിച്ച് പരിശുദ്ധ പിതാവിന്റെ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് പൂർണ്ണദണ്ഡവിമോചനം നേടുന്നതിനും എല്ലാവരും പരിശ്രമിക്കണമെന്ന് ഞാൻ അനുസ്മരിപ്പിക്കുന്നു.

മേഴ്സിഡാരിയൻ സന്ന്യാസസമൂഹത്തിന് ഈ ജൂബിലി വർഷത്തിന്റെ എല്ലാ മംഗളങ്ങളും ആശംസിക്കുന്നു. പരിശുദ്ധ കാരുണ്യനാഥയുടെ മാധ്യസ്ഥ്യം വഴി സ്നേഹപിതാവിന്റെ കരുണയും സ്നേഹവും നിങ്ങളിൽ വർഷിക്കപ്പെടട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന് 2018 ജൂൺ 28-ാം തീയതി,

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## CIRCULAR - 19

## കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെ 7–ാം ചരമവാർഷികം

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

വരാപ്പുഴ അതിരൂപതയുടെ മൂന്നാമത്തെ ഏതദ്ദേശീയ മെത്രാപ്പോലീത്ത ആയിരുന്ന അഭിവന്ദ്യ കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവ് ദിവംഗതനായിട്ട് 2018 ആഗസ്റ്റ് 7–ാം തീയതി ഏഴുവർഷം തികയുകയാണ്. പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് **ആഗസ്റ്റ് 7–ാം തീയതി ചൊവ്വാഴ്ച വൈകിട്ട് 5.30 ന്** നമ്മുടെ സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ ദേവാലയത്തിൽവച്ച് പരേതസ്മരണ ദിവ്യബലി, ഒപ്പീസ് മുതലായ തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കുന്നതാണ്. സാധിക്കുന്ന എല്ലാവരും പ്രസ്തുത തിരുകർമങ്ങളിൽ പങ്കുചേർന്ന് പിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

എറണാകുളം — ✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
28.06.2018 — വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത



## NOTIFICATION - 10

## TRANSFERS AND APPOINTMENTS

1. **Rev. Fr. Alphonse Panakal**
   Parish Priest
   Ss. Peter & Paul Church, Kataribagh,
   Venduruthy Cochin - 682 004.

2. **Rev. Fr. Antony Cheriakadavil**
   Administrator, Ashis Convention Center,
   Kalamassery
   & Special Service,
   St. Sebastian's Church Carborandum,
   South Kalamassery

3. **Rev. Fr. Antony Dominic Figarado**
   Parish Priest
   St. Jude Thaddeus Church
   Ettekar, Edathala - 683 564.

4. **Rev. Fr. Antony Raphael Komaranchath**
   Rector & Parish Priest
   St. Francis Xavier's Church,
   Kaloor, Cochin - 682 017.

5. **Rev. Fr. Antony Vellayil**
   Parish Priest
   St. Sebastian's Church,Shanthinagar
   Chalikkavattom, Vennala P.O, Cochin-682028.

6. **Rev. Fr. Antony Vibin Xavier Velikkakath**
   Studies, Ireland

7. **Rev. Fr. Augustine Isaac Kurisinkal**
Priest in Charge
Christ the King Church, Eloor North

8. **Rev. Fr. Augustine Laiju Kandanattuthara**
Priest in Charge
Lourdu Matha Church, Toll-gate Road,
Vaduthala, Cochin - 682 023.
& Associate Judicial Vicar, Metropolitan Tribunal

9. **Rev. Fr. Denny Palackaparambil**
Parish Priest
Our Lady of Fatima Church
Elamkulam, Cochin - 682 020.

10. **Rev. Fr. Felix Chullikkal**
Parish Priest
St. Antony's Church, Kongorppilly - 683 525.

11. **Rev. Fr. Francis Dixon Fernandez**
Rector & Parish Priest
St. Philomena's Church &
St.Kuriakose Elias Chavara Shrine
Koonammavu - 683 518
& Secretary, Family Commission, KRLCC

12. **Rev. Fr. Francis Peediekal**
Parish Priest
Our Lady of Immaculate Heart of Mary Church
Nettoor, Cochin-682 040

13. **Rev. Fr. George Thoundayil**
Studies, Philippines



14. **Rev. Fr. Jacob Pattarumadathil**
Parish Priest
St. James Church, Cheranellur 682 034

15. **Rev. Fr. Job Kundony**
USA

16. **Rev. Fr. John Christopher Vadassery**
Director, Youth Commission
Ashirbhavan, Cochin - 682 018.
& Special Pastoral Service
St. Mary's Church, Pullepady,
& Vice Principal, St. Albert's College (Autonomous),
Ernakulam

17. **Rev. Fr. John Kanakkasery**
Parish Priest
Church of Our Lady of Nativity
Muttinakam - 683 517.

18. **Rev. Fr. Johnson D'Cunha**
Parish Priest
St. Raphael's Church
Thykoodom, Cochin - 682 019.

19. **Rev. Fr. Joseph Antony Palliparambil**
Vice Rector, St. Joseph's Minor Seminary
University P.O., Kalamassery - 682 022.
& Assistant Manager
St. Paul's College, Kalamassery,

20. **Rev. Fr. Josemon George Pazhanilath**
Avilabhavan

21. **Rev. Fr. Joseph Biju Thattarassery**
Parish Priest
Our Lady of Immaculate Conception Church
Koratty - 680 309.

22. **Rev. Fr. Joseph Joy Mathirappilly**
Parish Priest
Lourde Matha Church
Thevakkal, Cochin - 682 021

23. **Rev. Fr. Joseph Biju Kalloor**
Chaplain, Lourdes Hospital

24. **Rev. Fr. Joseph Karikkassery**
Priest in Charge
Sacred Heart Church, Kristunagar,
NAD, Aluva – 683563.

25. **Rev. Fr. Joseph Thattarassery**
Director,
C. A.C., Cochin - 682 018.

26. **Rev. Fr. Joyson Choothamparambil OSJ**
Parish Priest
St. Francis Xavier's Church, Manjanakad
Narackal P.O. - 682 505

27. **Rev. Fr. Kurian Maraparambil**
Parish Priest
St. Sebastian's Church, Perumalpady,
Elamkunnappuzha - 682 505.



28. **Rev. Fr. Manuel Lopez**
Priest in Residence
St. Philomena's Church, Koonammavu
& Special service ,
St. Maximilian Kolbe Chapel, Thoosam,

29. **Rev. Fr. Martin Azhikkakath**
Director, Department of Social Service
Providence Road, Cochin - 682 018.

30. **Rev. Fr. Mathew Sojan Maliekal**
Asst. Director
Assisi Vidyaniketan Public School,
Kakkanad - 682 021
& Administrator, Vidyaniketan
& Director, Public Relations Department
& Official Spokesperson of the Archdiocese of Verapoly

31. **Rev. Fr. Michael D'Cruz Arackal**
Secretary to the Corporate Manager
Corporate Educational Agency & Local Manager,
St. Albert's Schools, Cochin - 632 018.
& Spiritual Mentor of Religious

32. **Rev. Fr. Peter Ambalathinkal**
Director, Navajeevan Animation Centre
Thottuva

33. **Rev. Fr. Rajeev Jose Kainikat**
Parish Priest
St. Joseph's Church, Manakkapady - 683 520.

34. **Rev. Fr. Stanly Mathirappilly**
POC, Palarivattom

**35.** **Rev. Fr. Sijo George Kurisummootil**
Parish Priest, St. Sebastian's Church
Puthuvaippu - 682 508.

36 **Rev. Fr. Vincent Variath**
Avilabhavan

37. **Rev. Fr. Xavier Padiyaramparambil**
Holy Angel's Institute
Thottam, Kalamassery

38. **Adv. Sherry J. Thomas**
Public Relations Officer (PRO)
Archdiocese of Verapoly

28.06.2018 **Chancellor**
Ernakulam



## NOTIFICATION - 11

An internet Mission Team has been appointed with the following members to develop, co-ordinate and update the Archdiocesan Website and the other IT related informations of the Archdiocese of Verapoly.

***The Members of the team are :-***

1. Rev. Fr. Sajeev Roy Thoundayil (Coordinator)
2. Rev. Fr. Leneesh Jose Manakkil
3. Rev. Fr. John Christopher Vadassery
4. Rev. Fr. Koshy Mathew Chellath
5. Mr. Siju Joseph

To update the news, upcoming events, pictures, data, Informations etc of your Parish / Institutions kindly contact IT Mission team at **itmissionverapoly@gmail.com**

28.6.2018 **Chancellor**

# CASUS
## June 2018

The mystery of the Holy Mass is too great for anyone to permit himself/herself to treat it according to his/her own whim, so that its sacredness and its universal ordering would be secured. On the contrary, Holy Mass should be celebrated according to the stipulations of the Church as prescribed in the liturgical books and in the other laws and norms (*RS*, nn. 11-12, *Redemptionis Sacramentum*: Instruction on Certain Matters to be Observed or to be Avoided regarding the Most Holy Eucharist, CDWDS, 25 March 2004). Priests, "ought not to detract from the profound meaning of their own ministry by corrupting the liturgical celebration either through alteration or omission, or through arbitrary additions" (*RS*, n. 31). However, there is ample flexibility established in the liturgical norms for appropriate creativity to meet the needs of the participants, especially in the choice of the hymns and the readings, the giving of the homily, the prayer of the faithful, the occasional explanatory remarks, and the decoration of the church building according to the various seasons (*RS*, n. 39; IGMR, n. 24). Bishops must take care "not to allow the removal of that liberty foreseen by the norms of the liturgical books" (*RS*, N. 21).

**POPE JOHN PAUL II** in his Encyclical letter, ***ECCLESIA DE EUCHARISTIA*** no. 52 says, "...All of this makes clear the great responsibility which belongs to priests in particular for the celebration of the Eucharist. It is their responsibility to preside at the Eucharist *in persona Christi* and to provide a witness to and a service of communion not only for the community directly taking part in the celebration, but also for the universal Church, which is a part of every Eucharist. It must be lamented that, especially in the years following the post-conciliar liturgical reform, as a result



of a misguided sense of creativity and adaptation there have been a number of *abuses* which have been a source of suffering for many. A certain reaction against "formalism" has led some, especially in certain regions, to consider the "forms" chosen by the Church's great liturgical tradition and her Magisterium as non-binding and to introduce unauthorized innovations which are often completely inappropriate.

I consider it my duty, therefore to appeal urgently that the liturgical norms for the celebration of the Eucharist be observed with great fidelity. These norms are a concrete expression of the authentically ecclesial nature of the Eucharist; this is their deepest meaning. Liturgy is never anyone's private property, be it of the celebrant or of the community in which the mysteries are celebrated. The Apostle Paul had to address fiery words to the community of Corinth because of grave shortcomings in their celebration of the Eucharist resulting in divisions (*schismata*) and the emergence of factions (*haireseis*) (cf. *1 Cor* 11:17-34). Our time, too, calls for a renewed awareness and appreciation of liturgical norms as a reflection of, and a witness to, the one universal Church made present in every celebration of the Eucharist. Priests who faithfully celebrate Mass according to the liturgical norms, and communities which conform to those norms, quietly but eloquently demonstrate their love for the Church. Precisely to bring out more clearly this deeper meaning of liturgical norms, I have asked the competent offices of the Roman Curia to prepare a more specific document, including prescriptions of a juridical nature, on this very important subject. No one is permitted to undervalue the mystery entrusted to our hands: it is too great for anyone to feel free to treat it lightly and with disregard for its sacredness and its universality".

**Questions**

1. Can Holy Mass be celebrated in a private house? (See Can. 932; CDWDS, instruction: *Actio Pastoralis*, in *EV*, vol. 3, nn. 1162 & 1170).
2. What is *celebret*?

A ***celebret*** is a letter from a priest's local Ordinary or major superior of an institute of consecrated life or a society of apostolic life, which testifies that the priest is in good standing so that he might celebrate Holy Mass in places where he is not known (See J.M. Huels, *Pastoral Companion*, p. 117).

3. Can a suspended priest celebrate Holy Mass? (See Cann. 1044, §1; 1333; 290, 292, 1336, §1, 5º; *RS*, n. 81).
4. Are priests recovering from alcoholic addiction exempted from consuming the sacred wine?

When they preside over the celebration they can, with the permission of the local ordinary, receive Communion by intinction, leaving it to an assistant at the Mass to consume the consecrated wine; he may, with the permission of his ordinary, consecrate for himself unfermented grape juice (*mustum*) instead of the normal sacramental wine. Ordinary sacramental wine is to be consecrated in a separate chalice for others present whenever Holy Communion is given under both kinds. As for deacons and laypersons, permission to receive consecrated *mustum* can be given only by the Apostolic See in very rare instances, when individuals are medically unable to consume either sacred wine or bread. (Dipping the bread in the wine or bread alone, unfermented grape juice {*mustum*}).(See CDF, Ir. 12 September 1983, in CLD, XI, pp. 208-209 and CDF, Ir. 19 June 1995, Prot. No. 89/78).



5. What could be done when the consecrated hosts are found to be insufficient during distribution for all the communicants? (See Can. 925; *RS*, n. 104).
6. Can the mentally retarded and the handicapped be given Holy Communion? (See Can. 777, 4º; 912; 17; *SCa*, [*Sacramentum Caritatis*], n. 58).

In thinking of those who cannot attend places of worship for reasons of health or advanced age, I wish to call the attention of the whole Church community to the pastoral importance of providing spiritual assistance to the sick, both those living at home and those in hospital. Their situation was often mentioned during the Synod of Bishops. These brothers and sisters of ours should have the opportunity to receive sacramental communion frequently. In this way they can strengthen their relationship with Christ, crucified and risen, and feel fully involved in the Church's life and mission by the offering of their sufferings in union with our Lord's sacrifice. Particular attention needs to be given to the disabled. When their condition so permits, the Christian community should make it possible for them to attend the place of worship. Buildings should be designed to provide ready access to the disabled. Finally, whenever possible, Eucharistic communion should be made available to the mentally handicapped, if they are baptized and confirmed: they receive the Eucharist in the faith also of the family or the community that accompanies them (*SCa*, no. 58).

7. What is the purpose of taking collections during Mass?(See *CCC*, n. 1351; *RS*, n. 70; Can. 1266 and 1287, §2).
8. Can females minister as altar servers?

To a question whether the code implicitly permitted female servers as one of the "other functions" mentioned in paragraph two of Can. 230, the PCILT( Pontifical Council for the Interpretation of

Legislative Texts) replied that women (girls, adult women and women religious) could be altar servers at Mass in accord with the instructions to be given by the Apostolic See. (See CDS, *Quam Plurimum*, 1 October 1943, in CLD, Vol. 3, p. 335). In communicating this interpretation to the Episcopal conferences, the Apostolic See instructed: "It is the competence of each bishop in his diocese, after hearing the opinion of the Episcopal conference, to make a prudential judgment on what to do with a view to the ordered development of liturgical life in his diocese" (See CDWDS, Ir. 15 March 1994, in *Notitiae*, 30[1994] 333-335). A letter giving further clarification published in 2001 said that priests are not compelled to have females serve at the altar, even if their bishops grant permission(See CDWDS, Ir. 27 July 2001, Prot. No. 2451/00/L).

9. Could Holy Mass be offered for the intentions of the un-baptised? (See Can. 901; Pontifical Council for Promoting Christian Unity, *Directory for Ecumenism*, 25 March 1993, in *EV*, vol. 13, n. 204).

10. Can the Catholics who have divorced and remarried receive Holy Communion? (See *CCC*, n. 2384; Can. 915)

11. Why should not the Catholics living in irregular marital union receive Holy Communion? (See *FC*, n. 84).

12. Can a pastor insist that his parishioners fulfill the Sunday obligation by attending Mass only at his parish church? (See Can. 1247 and 1248; CCEO Can. 881).

13. Can Catholics take part in the communion services of other Christian denominations?(See Can. 844, §2; CBCI Commission for Ecumenism and dialogue, *Guidelines for Ecumenism*, pp. 75-76).



14. Can novenas in honour of saints be conducted within the celebration of Holy Mass? Is it forbidden placing of relics upon the altar during the celebration of Holy Mass? (See *RS*, n. 75).

15. Is it allowed singing consecration words in the Holy Eucharistic celebration?

16. What is the difference between introduction and homily in the celebration of Holy Eucharist? Is it necessary interactions and other many speeches other than Eucharistic liturgy in the celebration of Holy Eucharist?

17. Is it recommended extraordinary ministers of Holy Communion while there are many concelebrant priests in the celebration of Holy Eucharist?

*Printed and Published by Fr. Ebigin Arackal*
*New Vimala Social Service Centre, Kakkanad, Kochi - 21*